ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയുടെ ശരത്കാല ടേം പാസിംഗ് ഔട്ട് പരേഡ് 2026 -ൽ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു നടത്തിയ അഭിസംബോധന

ഏഴിമല: 28 നവംബർ 2026

ശരത്കാല ടേം പാസിംഗ് ഔട്ട് പരേഡ് -2026 പരിശോധിക്കുന്നതിനായി ഇന്ന് ഇവിടെ സന്നിഹിതയാകാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്ത്യൻ തീരസംരക്ഷണ സേനയിൽ നിന്നും സൗഹൃദ രാജ്യങ്ങളിൽ നിന്നുമുള്ളവർ ഉൾപ്പെടെ ഇന്ന് പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന എല്ലാ ട്രെയിനികളെയും ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ ശാരീരികക്ഷമതയും മാനസിക കരുത്തും നിശ്ചയദാർഢ്യവും പരീക്ഷിക്കപ്പെട്ട പരിശീലന ഘട്ടം നിങ്ങൾ വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. നിങ്ങളുടെ ആകർഷകമായ വേഷവിധാനവും മികച്ച സൈനിക ഗാംഭീര്യവും പരേഡ് അവതരിപ്പിച്ചതിലെ കൃത്യതയും നിങ്ങളുടെ പരിശീലനത്തിന്റെയും അച്ചടക്കത്തിന്റെയും അർപ്പണബോധത്തിന്റെയും ഉയർന്ന നിലവാരത്തെ പ്രതിഫലിപ്പിക്കുന്നു. നിങ്ങൾ ഓരോരുത്തരെയും ഞാൻ അഭിനന്ദിക്കുന്നു.

നിങ്ങളുടെ മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സംഭാവനകളെയും ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ഓരോ യുവ ഉദ്യോഗസ്ഥന്റെയും പിന്നിൽ, ത്യാഗങ്ങൾ സഹിക്കുകയും പ്രോത്സാഹനം നൽകുകയും പ്രയാസകരമായ ഘട്ടങ്ങളിൽ കരുത്തായി നിൽക്കുകയും ചെയ്ത ഒരു കുടുംബമുണ്ട്. നിങ്ങളുടെ കുടുംബങ്ങളുടെ സംഭാവനകൾ അഭിനന്ദനാർഹമാണ്.

പരിശീലനം പൂർത്തിയാക്കുന്നവരിൽ ധാരാളം യുവതികളെ കാണാൻ കഴിയുന്നതിൽ എനിക്ക് പ്രത്യേക സന്തോഷമുണ്ട്. എന്റെ പ്രിയപ്പെട്ട പുത്രിമാരെ,

ഇവിടെയുള്ള നിങ്ങളുടെ സാന്നിധ്യം രാജ്യത്തിനാകെ അഭിമാനകരമാണ്. നിശ്ചയദാർഢ്യത്തിനും ധൈര്യത്തിനും കഴിവിനും അതിരുകളില്ലെന്ന് നിങ്ങൾ തെളിയിച്ചിരിക്കുന്നു. വലിയ സ്വപ്നങ്ങൾ കാണാനും രാഷ്ട്രസേവനത്തിൽ വെല്ലുവിളി നിറഞ്ഞ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും മറ്റ് നിരവധി യുവതികൾക്ക് നിങ്ങളുടെ നേട്ടങ്ങൾ പ്രചോദനമാകും.

സൗഹൃദ രാജ്യങ്ങളിൽ നിന്നുള്ള ട്രെയിനികൾക്കും ഞാൻ പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു. ഇന്ത്യൻ സഹപ്രവർത്തകരോടൊപ്പം തോളോട് തോൾ ചേർന്ന് നിങ്ങൾ മാർച്ച് ചെയ്യുന്നത് കാണുന്നത് ഏറെ സന്തോഷകരമാണ്. ഇവിടെ നിങ്ങൾ കെട്ടിപ്പടുത്ത സൗഹൃദങ്ങൾ, ഈ അക്കാദമിയിൽ ചെലവഴിച്ച കാലങ്ങൾക്കപ്പുറവും നിലനിൽക്കും. നമ്മുടെ രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും സൗഹൃദത്തിന്റെയും ചൈതന്യം നിങ്ങൾ മുന്നോട്ട് കൊണ്ടുപോകും.

പ്രിയ ഓഫീസർ കേഡറ്റുകളേ,

ഈ വർഷം ഫെബ്രുവരിയിൽ വിശാഖപട്ടണത്ത് അന്താരാഷ്ട്ര ഫ്ലീറ്റ് വീക്ഷിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഇന്ത്യൻ നാവികസേനയുടെ വളർന്നുവരുന്ന കരുത്തിന്റെയും ശേഷികളുടെയും ശ്രദ്ധേയമായ പ്രകടനമായിരുന്നു അത്. സായുധസേനയെ ശക്തിപ്പെടുത്തുന്നതിലും സമുദ്രമേഖലയിലെ ശേഷികൾ വർദ്ധിപ്പിക്കുന്നതിലും ഇന്ത്യ അതിവേഗം മുന്നേറുകയാണ്. ഇന്ത്യൻ നാവികസേന സുപ്രധാനമായൊരു മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ സേനയിലേക്ക് കടന്നുവരാൻ സാധിച്ചതിൽ നിങ്ങൾ ഭാഗ്യവാന്മാരാണ്. ഈ പരിവർത്തനത്തിന് നിങ്ങൾ സാക്ഷ്യം വഹിക്കുക മാത്രമല്ല, അതിന്റെ ഭാവി രൂപപ്പെടുത്തുന്നവരിൽ ഒരാളായി മാറാനും നിങ്ങൾക്ക് അവസരമുണ്ടാകും.

ഇന്നത്തെ പരസ്പര ബന്ധിതമായ ലോകത്ത് സമുദ്രമേഖലയ്ക്ക് പ്രാധാന്യം ഏറിവരികയാണ്. ആഗോള വ്യാപാരത്തിന്റെ വലിയൊരു ഭാഗവും കടൽമാർഗ്ഗമാണ് നടക്കുന്നത്. അതിനാൽ, സമുദ്രപാതകളുടെ സുരക്ഷ

രാഷ്ട്രങ്ങളുടെ സാമ്പത്തിക ക്ഷേമവുമായും അവിടുത്തെ ജനങ്ങളുടെ ദൈനംദിന ജീവിതവുമായും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു. കപ്പലുകളുടെ സഞ്ചാരത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടായാൽ അത് അവശ്യവസ്തുക്കളുടെ വിതരണത്തെ ബാധിക്കുകയും ചെലവുകൾ വർദ്ധിപ്പിക്കുകയും ആത്യന്തികമായി സാധാരണ പൗരന്മാർക്ക് അധികഭാരം വരുത്തിവയ്ക്കുകയും ചെയ്യും. കടലിലെ നിങ്ങളുടെ സേവനം കരയിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ ഓർമ്മിക്കണം. അത് അവരുടെ സുരക്ഷയ്ക്കും പുരോഗതിയ്ക്കും ക്ഷേമത്തിനും നേരിട്ട് സംഭാവന നൽകുന്നു.

ഇന്ത്യ, തദ്ദേശീയ പ്രതിരോധ ശേഷിയും നിരന്തരം ശക്തിപ്പെടുത്തിവരികയാണ്. നമ്മുടെ കൂടുതൽ കപ്പലുകളും അന്തർവാഹിനികളും ഇപ്പോൾ ഇന്ത്യൻ കപ്പൽശാലകളിൽ തന്നെ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുന്നു. ഇത് സ്വാശ്രയത്വത്തോടുള്ള നമ്മുടെ പ്രതിബദ്ധതയെയും നമ്മുടെ എഞ്ചിനീയർമാർ, ശാസ്ത്രജ്ഞർ, വിദഗ്ധ തൊഴിലാളികൾ, വ്യവസായ മേഖല എന്നിവയുടെ കഴിവുകളിലുള്ള നമ്മുടെ ആത്മവിശ്വാസത്തെയും പ്രതിഫലിപ്പിക്കുന്നു. ഇന്ത്യൻ നാവികസേനയുടെ ഓഫീസർമാർ എന്ന നിലയിൽ, കൂടുതൽ കരുത്തുറ്റതും കൂടുതൽ സ്വാശ്രയത്വമുള്ളതുമായ ഇന്ത്യയ്ക്കായുള്ള ഈ യാത്രയുടെ ഭാഗമായി നിങ്ങൾ മാറും.

പ്രിയ ഓഫീസർ കേഡറ്റുകളേ,

നിങ്ങളുടെ സത്യസന്ധത, തൊഴിൽപരമായ കഴിവ്, ധൈര്യം, അനുകമ്പ എന്നിവയായിരിക്കും ഇന്ത്യൻ നാവികസേനയുടെ സ്വഭാവത്തെ നിർവചിക്കുക. കടലിൽ, പ്രതികൂല കാലാവസ്ഥയെയും, ദീർഘകാല സേവനത്തെയും, അനിശ്ചിതത്വങ്ങൾ നിറഞ്ഞ സാഹചര്യങ്ങളെയും നിങ്ങൾക്ക് നേരിടേണ്ടി വരും. പലപ്പോഴും കടുത്ത സമ്മർദ്ദങ്ങൾക്കിടയിൽ, കഠിനമായ തീരുമാനങ്ങൾ എടുക്കേണ്ടിവരും. നേതൃത്വം എന്നത് കേവലം ഉത്തരവുകൾ നൽകുക മാത്രമല്ല, മറിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുക, മാതൃക കാണിക്കുക, ഒപ്പം സേവനമനുഷ്ഠിക്കുന്നവർക്ക് താങ്ങായി നിൽക്കുക എന്നിവയാണെന്ന് നിങ്ങൾ എപ്പോഴും ഓർക്കണം.

ലോകം അഭൂതപൂർവ്വമായ വേഗതയിൽ മാറിക്കൊണ്ടിരിക്കുകയാണ്. പുതിയ സാങ്കേതികവിദ്യകൾ യുദ്ധമുറകളുടെയും സമുദ്രസുരക്ഷയുടെയും സ്വഭാവത്തെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ ഉണ്ടാകാനിടയുള്ള എല്ലാ വെല്ലുവിളികളും പ്രവചിക്കാൻ നമുക്കാവില്ല. എന്നാൽ, നിങ്ങളുടെ പരിശീലനവും, സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവും, അർപ്പണബോധവും ഇത്തരം വെല്ലുവിളികളെ നേരിടാൻ നിങ്ങളെ സജ്ജരാക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങൾ നിരന്തരം പഠിച്ചുകൊണ്ടേയിരിക്കണം; ഒപ്പം നിങ്ങളുടെ അറിവും നൈപുണ്യങ്ങളും കാലാനുസൃതമായി മെച്ചപ്പെടുത്തുകയും വേണം.

പ്രിയ കേഡറ്റുകളേ,

കരുത്തുറ്റതും സമൃദ്ധവും വികസിതവുമായ ഇന്ത്യ കെട്ടിപ്പടുക്കുക എന്നതാണ് നമ്മുടെ എല്ലാ ദേശീയ പരിശ്രമങ്ങളുടെയും ആത്യന്തിക ലക്ഷ്യം. വികസിത് ഭാരത് എന്ന കാഴ്ചപ്പാട് സാമ്പത്തിക വളർച്ചയിലോ വികസന സൂചകങ്ങളിലെ മെച്ചപ്പെടുത്തലിലോ മാത്രം ഒതുങ്ങുന്നതല്ല. ഓരോ പൗരനും സുരക്ഷിതത്വം അനുഭവപ്പെടുന്ന, അവസരങ്ങൾ ലഭ്യമാകുന്ന, അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ കഴിയുന്ന ഒരു രാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ് ഇതിന്റെ അർത്ഥം. വികസനത്തിന്റെ പ്രയോജനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും രാജ്യത്തിന്റെ എല്ലാ കോണുകളിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കുന്നതാണ് അത്.

നിങ്ങൾ 'അന്തിം പഗ്' ന് ഒരുങ്ങുമ്പോൾ, സേവനത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും ഒരു യാത്രയാണ് നിങ്ങൾ ആരംഭിക്കുന്നതെന്ന് ഓർക്കുക. നിങ്ങൾ ധരിക്കുന്ന യൂണിഫോമിൽ നൂറുകോടിയിലധികം വരുന്ന ഇന്ത്യക്കാരുടെ വിശ്വാസവും പ്രതീക്ഷകളും അടങ്ങിയിരിക്കുന്നു. എവിടെ ജീവിക്കുന്നുവെന്നോ എന്ത് ജോലി ചെയ്യുന്നുവെന്നോ വ്യത്യാസമില്ലാതെ ഓരോ പൗരനും ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയുമാണ് നമ്മുടെ സായുധസേനയെ നോക്കിക്കാണുന്നത്. ആ വിശ്വാസത്തിന് നിങ്ങൾ എപ്പോഴും യോഗ്യരായിരിക്കണം.

ഇന്ത്യൻ നാവികസേനയുടെ ഉന്നതമായ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ഞാൻ നിങ്ങളിൽ ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു. ഓരോ കടമയും ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും ഓരോ വെല്ലുവിളിയെയും ധൈര്യത്തോടെ നേരിടുകയും നിങ്ങളുടെ കീഴിലുള്ള എല്ലാവരോടും നീതിയും ആദരവും പുലർത്തുകയും വേണം. നിങ്ങളുടെ വ്യക്തിഗത നേട്ടങ്ങളിൽ നിങ്ങൾ അഭിമാനിക്കണം, എന്നാൽ നിങ്ങളുടെ സേവനത്തിന്റെ വിശാലമായ ലക്ഷ്യം ഒരിക്കലും മറക്കരുത്.

അർത്ഥവത്തും തൊഴിൽപരമായി ഏറെ സംതൃപ്തി നൽകുന്നതുമായ ഒരു കരിയർ ഞാൻ നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു. ഏറ്റവും പ്രക്ഷുബ്ധമായ കടലുകളെ നേരിടാനുള്ള ധൈര്യവും പ്രയാസകരമായ സാഹചര്യങ്ങളെ തരണം ചെയ്യാനുള്ള വിവേകവും ഏൽപ്പിക്കുന്ന ഓരോ ദൗത്യവും പൂർത്തിയാക്കാനുള്ള നിശ്ചയദാർഢ്യവും നിങ്ങൾക്ക് എപ്പോഴും ഉണ്ടാകട്ടെ. ശം നോ വരുണഃ! (വരുണദേവൻ അനുഗ്രഹിക്കട്ടെ)

നന്ദി!
ജയ് ഹിന്ദ്!
ജയ് ഭാരത്!

*****